**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം-ജീവനക്കാര്യം- ഗ്രാമവികസന വകുപ്പിൽ എൽ.ഡി.ക്ലാർക്കായി നിയമനം ലഭിച്ച കുമാരി.അമിതാബാനുവിന് ജോലിയിൽ പ്രവേശിക്കുന്നതിന് പ്രവേശന സമയം ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ. (സാധാ) നം. 1757/2019/തസ്വഭവ, തിരുവനന്തപുരം, തീയതി: 14/08/2019

---

പരാമർശം :
1. സ.ഉ (എം.എസ്) നം.185/17/തസ്വഭവ തീയതി 28/09/2017.
2. സ.ഉ (സാധാ) നം.799/2018/തസ്വഭവ തീയതി 24/03/18.
3. കുമാരി.അമിതാബാനു സമർപ്പിച്ച 15/07/2019-ലെ അപേക്ഷ.
4. ഗ്രാമവികസന കമ്മീഷണറുടെ 15/07/2019 ലെ 10493/എസ്റ്റാ.സി3/2019 സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഗ്രാമവികസന വകുപ്പിൽ എക്സ്റ്റൻഷൻ ഓഫീസർ ആയിരിക്കെ മരണപ്പെട്ട എച്ച്.ഷാജഹാന്റെ മകളായ കുമാരി.അമിതാബാനുവിന് ഗ്രാമവികസന വകുപ്പിൽ ആലപ്പുഴ ജില്ലയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനം നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായി. കുമാരി.അമിതാബാനു മണ്ണുത്തി വെറ്റിനറി കോളേജിൽ B.Vsc & AH നാലാം വർഷ ഡിഗ്രി വിദ്യാർത്ഥിനിയാണെന്നും അതിനാൽ ജോലിയിൽ പ്രവേശിക്കുന്നതിന് 31/05/2019 വരെ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്നും അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാരിയുടെ പ്രവേശന സമയം 31/5/19 വരെ ദീർഘിപ്പിച്ച് പരാമർശം (2) പ്രകാരം ഉത്തരവായി. ടിയാരി 01/06/2019-ന് ജോലിയിൽ പ്രവേശിച്ചില്ല. ആരോഗ്യ പ്രശ്നങ്ങൾ കാരണം യഥാസമയം ജോലിയിൽ പ്രവേശിക്കുവാൻ സാധിച്ചില്ലെന്നും നിലവിൽ ആരോഗ്യ സംബന്ധമായ പ്രശ്നങ്ങൾ മാറിയതിനാൽ ജോലിയിൽ പ്രവേശിപ്പിക്കണമെന്നും ആവശ്യപ്പെട്ട് കുമാരി.അമിതാബാനു പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചു. അപേക്ഷയോടൊപ്പം മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആരോഗ്യ പ്രശ്നമായതിനാലും നിയമനം സംബന്ധിച്ച വിഷയമായതിനാലും ടി വിഷയത്തിൽ മാനുഷിക പരിഗണന നൽകി കുമാരി.അമിതാബാനുവിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച മാപ്പാക്കിക്കൊണ്ട്, ടിയാരി സമർപ്പിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ സാംഗത്യം ഗ്രാമവികസന കമ്മീഷണർ പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന വ്യവസ്ഥയിൽ 01/06/2019 മുതൽ 14/07/2019 വരെയുള്ള 44 ദിവസത്തേക്ക് കൂടി മെഡിക്കൽ ഗ്രൗണ്ടിന്റെ അടിസ്ഥാനത്തിൽ പ്രവേശന കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജയശ്രീ.എം**
**അണ്ടർ സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) കുമാരി.അമിതാബാനു.എസ്, അഖിലം, കോമല്ലൂർ (പി.ഒ), ചാരുമൂട്, ആലപ്പുഴ-690 505 (ഗ്രാമവികസന കമ്മീഷണർ മുഖേന)
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ), എറണാകുളം.
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6) വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ